No. of Printed Pages : 6

**BMYLA-135**

# B.A. GENERAL (BAG)

## Term-End Examination

## June, 2022

## BMYLA-135 : MODERN INDIAN LANGUAGE — MALAYALAM

*Time : 3 hours* *Maximum Marks : 100*

---

***സൂചനകൾ :***

*(i)* *എല്ലാ ചോദ്യങ്ങൾക്കും നിർദ്ദേശാനുസരണം ഉത്തരമെഴുതുക.*

*(ii)* *വ്യക്തതയും വാക്കുകളുടെ പരിധിയും പാലിക്കുക.*

---

**1.** താഴെക്കൊടുത്തിരിക്കുന്ന **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക : *10×2=20*

(i) മലയാള ഭാഷയുടെ ഉത്പത്തിയ്ക്കടിസ്ഥാനമായ ഏതെങ്കിലും രണ്ടു വാദങ്ങൾ എഴുതുക.

(ii) 'അനുനാസികാ'ക്ഷരങ്ങൾ ഏതെല്ലാം ?

(iii) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക :

(a) വാൽക്കണ്ണാടി

(b) നെന്മണി

(iv) തെറ്റ് തിരുത്തുക : "ഇന്നലെ സ്കൂളിൽ വരാത്തതിന്റെ കാരണം പനി കൊണ്ടായിരുന്നു."

(v) താഴെക്കൊടുത്തിരിക്കുന്ന വാക്യത്തിൽ ആവശ്യമായ ചിഹ്നങ്ങൾ ചേർത്ത് തിരുത്തിയെഴുതുക :

നിങ്ങൾ എന്തൊരു മനുഷ്യനാണ്
കഷ്ടം കഷ്ടം

(vi) അർത്ഥം വ്യക്തമാക്കുക :

(a) മുറിവൈദ്യൻ ആളെക്കൊല്ലും.

(b) ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട.

(vii) എസ്.കെ. പൊറ്റക്കാടിന് ജ്ഞാനപീഠം അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

(viii) 'വിഷുഫലം' എന്നാലെന്ത് ?

(ix) 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' ആരുടെ കൃതിയാണ് ?

(x) ആശയം വിപുലീകരിക്കുക :

(a) മൂക്കില്ലാ രാജ്യത്ത് മുറിമൂക്കൻ രാജാവ്

(b) ആറിയകഞ്ഞി പഴംകഞ്ഞി

2. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക : *4×5=20*

(i) ചമ്പൂപ്രസ്ഥാനത്തെക്കുറിച്ച് ചുരുക്കിയെഴുതുക.

(ii) "കൊല്ലാതെ കൊള്ളാത്തതെന്തവൻ തന്നെനീ കൊല്ലിക്കയത്രേ നിനക്കു രസമെടോ." ആര്, ആരോട്, ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത് ? ഈ വാക്കുകൾ എന്താണ് സൂചിപ്പിക്കുന്നത് ?

(iii) തിറകെട്ടലിന്റെ ആചാരവിശ്വാസങ്ങൾക്കെതിരായി ഉത്തമൻ സ്വീകരച്ച നിലപാടുകളെന്താണ് ?

(iv) 'മലയാളി മെമ്മോറിയൽ' പ്രക്ഷോഭണത്തിൽ സി.വി. രാമൻപിള്ളയുടെ പങ്ക് വിശദമാക്കുക.

(v) കുറിപ്പെഴുതുക :

ഒപ്പന

(vi) പരാവർത്തനം എന്നാലെന്ത് ? ഉദാഹരണ സഹിതം വിശദീകരിക്കുക.

3. ഏതെങ്കിലും **നാലു** ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക : *4×8=32*

(i) പാട്ടുപ്രസ്ഥാനത്തിൽപ്പെട്ടുന്ന ഒരു കൃതിയെക്കുറിച്ച് ചുരുക്കി വിവരിക്കുക.

(ii) "അസൂയയുടെ പുരുഷാവതാരങ്ങളാണ് പുഷ്കരനും കലിയും" – 'നളചരിതം രണ്ടാം ദിവസ'ത്തെ ആസ്പദമാക്കി വിശദീകരിക്കുക.

(iii) നോവലും ചെറുകഥയും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

(iv) വിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?

(v) "ടി. പത്മനാഭന്റെ കഥകൾക്ക് കാല്പനിക സൗന്ദര്യമുണ്ട് " – 'പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി' എന്ന കഥയെ ആസ്പദമാക്കി പരിശോധിക്കുക.

(vi) നാടകത്തിന്റെ ഏതെങ്കിലും മൂന്നു ഘടകങ്ങളെക്കുറിച്ച് ഉദാഹരണസഹിതം വിവരിക്കുക.

**4.** ഏതെങ്കിലും **രണ്ട്** ഉപന്യാസങ്ങളെഴുതുക :

*2×10=20*

(i) "നോവലിനോ ചെറുകഥയ്ക്കോ ഉള്ളസ്ഥാനം തിരക്കഥയ്ക്ക് കല്പിച്ചുകൊടുക്കാൻ സാഹിത്യ നിരുപകന്മാർ വൈമുഖ്യം പ്രകടിപ്പിക്കുന്നു." – ഈ പ്രസ്താവം പരിശോധിക്കുക.

(ii) "പാരമ്പര്യനിഷേധം ആധുനികതയുടെ മുഖമുദ്രയാണ്." – 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഈ അഭിപ്രായം പരിശോധിക്കുക.

(iii) കേരളത്തിന്റെ നാടോടി കലാപാരമ്പര്യത്തെക്കുറിച്ച് സോദാഹരണം ഉപന്യസിക്കുക.

(iv) മലയാള കവിതാശാഖയുടെ പ്രധാനഘട്ടങ്ങൾ ഉദാഹരണസഹിതം വിവരിക്കുക.

5. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക മലയാളത്തിലേക്കു തർജ്ജമ ചെയ്യുക : *8*

During this period, plays depicting the new society and the new culture were written. 'Neel Darpan', a Bengali play on the terrible conditions of labourers in plantations, was written in 1860 by Dinbandhu Mitra. Parsi theatre started in Bombay in the nineteenth century. At this time, films were something new. The first totally Indian made film was 'Raja Harishchandra' in 1913, by Dadasaheb Phalke. Like all early films, this was also a silent film. Soon, the first Indian talking film, Alam Ara was produced in 1931 in Hindi. Films in other Indian languages followed.